A3/5038/2021

# "ഭരണഭാഷ - മാതൃഭാഷ"

സി.3496/19

ട്രൈബൽഡവലപ്മെന്റ്ആഫീസ്,
ckdtdo@gmail.com
Phone : 0480-2706100.
ചാലക്കുടി-680 307, തീയതി 03.09.2021

ഇ.ആർ.സന്തോഷ് കുമാർ,
ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ.

ഡി.ഡി എഡ്യൂക്കേഷൻ,
തൃശ്ശൂർ.

സർ,

വിഷയം : പവവി. – 2020-21 – അദ്ധ്യയന വർഷം 9,10 ക്ലാസുകളിൽ പഠിച്ചിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – ഇ-ഗ്രാന്റ്സ് മുഖേന അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന : പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 27.08.2021 ലെ സി3-20124/20(1) നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2020-21 അദ്ധ്യയന വർഷം തൃശ്ശൂർ ജില്ലയിൽ 9,10 ക്ലാസുകളിൽ പഠിച്ചിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ അർഹതയുള്ള കുട്ടികളുടെ ക്ലെയിമുകൾ ഇനിയും സമർപ്പിക്കുവാൻ പെൻഡിംഗ് ഉണ്ടെങ്കിൽ ആയത് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന 2021 സെപ്റ്റംബർ 30-)ം തീയതിക്ക് മുമ്പായി ക്ലെയിം ചെയ്യുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകുന്നതിന് താല്പര്യപ്പെടുന്നു. 2020-21 വർഷം കുട്ടി പഠിച്ചിരുന്ന ക്ലാസ് ആണ് ആഡ് ചെയ്യുമ്പോൾ രേഖപ്പെടുത്തേണ്ടത് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്കോളർഷിപ്പ് വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയാണ്. 2020-21 വർഷത്തെ വിതരണം പൂർത്തിയായിട്ടു മാത്രമേ 2021-22 വർഷത്തെ നടപടികൾ ആരംഭിക്കുകയുള്ളൂ എന്നുള്ള വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

ട്രൈബൽ ഡവലപ്മെന്റ് ആഫീസർ
TRIBAL DEVELOPMENT OFFICER
CHALAKUDY_THRISSUR(Dt.)

TRIBAL DEVLOPMENT OFFICE
Date......................
CHALAKUDY, THRISSUR

പകർപ്പ്: 1). ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഇരിങ്ങാലക്കുട/ ചാവക്കാട്/ തൃശ്ശൂർ.

പ്രൊസീഡിംഗ്സ് നമ്പർ: A3-5038/2021 തീയതി: 16/09/2021

എല്ലാ പ്രധാനാധ്യാപകരുടെ അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.